# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 317 — 07.08.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡ് വിതരണത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതുതായി റേഷൻ കാർഡ് ലഭിച്ചപ്പോൾ അർഹരായ പലരും ബി.പി.എൽ വിഭാഗത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതായും അനർഹരായ പലരും ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടതായും പരാതികൾ ഉയർന്ന സാഹചര്യത്തിൽ, അനർഹരെ ഒഴിവാക്കുന്നതിനും, മാരകരോഗങ്ങൾ ബാധിച്ചവരടക്കമുള്ള അർഹരായവർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14.01.11 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ (കൈ)നം.112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളേയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളേയും മറ്റു മാനദണ്ഡങ്ങൾ മാറ്റിവെച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*